കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

നം.ബി1/ 33870/2020/സം.തി.ക തീയതി : 27.11.2020

**കോവിഡ് 19 പോസിറ്റീവായ വോട്ടർമാർക്കും ക്വാറന്റൈനിലുള്ള വോട്ടർമാർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പർ വഴി വോട്ട് ചെയ്യുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ**

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 130 എ വകുപ്പിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 74 എ വകുപ്പിലും (ഭേദഗതി വരുത്തിയത്) വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം താഴെപ്പറയുന്ന രണ്ട് തരം വോട്ടർമാർക്ക് പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്തുന്നതിന് അർഹതയുണ്ട്.
   I. കോവിഡ് പോസിറ്റീവായ വോട്ടർ
   II. ക്വാറന്റൈനിലുള്ള വോട്ടർ

   ഇത്തരം വോട്ടർമാരെ **സ്പെഷ്യൽ വോട്ടേഴ്സ്** (SV) എന്നും ഇവർക്ക് നൽകുന്ന പോസ്റ്റൽ ബാലറ്റ് പേപ്പറിനെ **സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പർ** (SPB) എന്നുമാണ് വിളിക്കുന്നത്.
2. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് /മുനിസിപ്പാലിറ്റി തലത്തിലും നോഡൽ ഹെൽത്ത് ഓഫീസർമാരെ നിയോഗിക്കും. അത്തരം നോഡൽ ഹെൽത്ത് ഓഫീസർമാരാണ് തിരഞ്ഞെടുപ്പ് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പർ വിതരണം ചെയ്യുന്നതിനും അർഹതയുള്ള സ്പെഷ്യൽ വോട്ടർമാർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് പോയി വോട്ട് ചെയ്യുന്നതിനും ആവശ്യമായ സൗകര്യമേർപ്പെടുത്തേണ്ടത് .
3. ഓരോ ജില്ലയിലും നിർണ്ണയിക്കപ്പെട്ട ദിവസങ്ങളിൽ കോവിഡ് 19 പോസിറ്റീവ് ആകുന്നവരുടെയും നിർബന്ധിത ക്വാറന്റൈനിലുള്ളവരുടെയും ലിസ്റ്റ് സാക്ഷ്യപ്പെടുത്തുന്നതിനായി ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഒരു ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറെ (DHO) നിയമിക്കണം.
4. ഓരോ ജില്ലയിലെയും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ (DHO) ഫാറം 19 എ യിൽ സ്പെഷ്യൽ വോട്ടർമാരുടെ സർട്ടിഫൈഡ് ലിസ്റ്റ് (CL) തയ്യാറാക്കണം.
5. സർട്ടിഫൈഡ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നിർണ്ണയിക്കപ്പെട്ട ദിവസങ്ങൾ താഴെ പറയും പ്രകാരമാണ്.

   i വോട്ടെടുപ്പിന് തലേ ദിവസം വൈകുന്നേരം 3.00 മണി മുതൽ പത്ത് ദിവസം മുമ്പ് വരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ട് വരുന്ന സ്പെഷ്യൽ വോട്ടർമാർ.

   ii വോട്ടെടുപ്പിന് തലേ ദിവസം വൈകുന്നേരം 3.00 മണി മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന സ്പെഷ്യൽ വോട്ടർമാർ.

   I -ാം ഗ്രൂപ്പിലെ സ്പെഷ്യൽ വോട്ടർമാർക്ക് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പർ മാത്രമാണ് അനുവദിക്കുക. അത്തരം വോട്ടർമാർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് പോയി വോട്ട് ചെയ്യുന്നതിന് അനുവാദമില്ല. എന്നാൽ II -ാം ഗ്രൂപ്പിലെ സ്പെഷ്യൽ വോട്ടർമാർക്ക് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് അനുവദിക്കുന്നതല്ല. അത്തരം

വോട്ടർമാർക്ക് PPE കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വോട്ടെടുപ്പിന്റെ അവസാന സമയത്ത് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി വോട്ട് രേഖപ്പെടുത്താവുന്നതാണ്.

6. ഓരോ ജില്ലയിലും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ (DHO) സ്പെഷ്യൽ വോട്ടർമാരുടെ വിശദാംശങ്ങൾ അടങ്ങിയ സർട്ടിഫൈഡ് ലിസ്റ്റ് ഫോറം 19 എ യിൽ തയ്യാറാക്കേണ്ടതാണ്. പോളിംഗിന് 10 ദിവസം മുമ്പ് ആദ്യ ലിസ്റ്റ് തയ്യാറാക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (DEO) നൽകണം. തുടർന്ന് പോളിംഗിന് തലേ ദിവസം വൈകുന്നേരം 3 മണി വരെ അതാത് ദിവസങ്ങളിലെ ലിസ്റ്റും ഇപ്രകാരം നൽകേണ്ടതാണ്. ആദ്യ ലിസ്റ്റ് തയ്യാറാക്കുന്ന ദിവസം വരെ കോവിഡ്-19 പോസിറ്റീവ് ആയവരെയും ക്വാറന്റൈനിൽ പ്രവേശിച്ചിട്ടുള്ളവരെയും മാത്രമേ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താവൂ. പ്രസ്തുത ദിവസത്തിന് മുമ്പ് കോവിഡ്-19 നെഗറ്റീവ് ആയവരെയും ക്വാറന്റൈൻ പൂർത്തിയാക്കിയവരെയും സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല.

തുടർന്ന് പോളിംഗ് ദിവസത്തിന് തലേന്ന് വൈകുന്നേരം 3 മണി വരെയുള്ള ദിവസങ്ങളിൽ പുതിയതായി കോവിഡ്-19 പോസിറ്റീവ് ആയവരുടെയും ക്വാറന്റൈനിൽ പ്രവേശിക്കുന്നവരുടെയും സർട്ടിഫൈഡ് ലിസ്റ്റ് അതാത് ദിവസങ്ങളിൽതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടതാണ്. ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്താത്തതും എന്നാൽ സ്വയം ക്വാറന്റൈനിൽ കഴിയുന്നതുമായ വ്യക്തികളുടെ വിശദാംശങ്ങൾ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല.

i) ഡിസംബർ 8ന് വോട്ടെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ നവംബർ 29 ന് തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (DEO) കൈമാറേണ്ടതാണ്. കൂടാതെ, നവംബർ 30 മുതൽ ഡിസംബർ 7 വൈകുന്നേരം 3 മണി വരെയുള്ള ദൈനംദിന സർട്ടിഫൈഡ് ലിസ്റ്റ് അതാത് ദിവസങ്ങളിൽതന്നെ കൈമാറേണ്ടതാണ്.

ii) ഡിസംബർ 10 ന് തിരഞ്ഞെടുപ്പ് നടക്കുന്ന കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഡിസംബർ 1 ന് തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (DEO) കൈമാറേണ്ടതാണ്. കൂടാതെ, ഡിസംബർ 2 മുതൽ ഡിസംബർ 9 വൈകുന്നേരം 3 മണി വരെയുള്ള ദൈനംദിന സർട്ടിഫൈഡ് ലിസ്റ്റ് അതാത് ദിവസങ്ങളിൽ തന്നെ കൈമാറേണ്ടതാണ്.

iii) ഡിസംബർ 14 ന് തിരഞ്ഞെടുപ്പ് നടക്കുന്ന മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഡിസംബർ 5 ന് തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (DEO) കൈമാറേണ്ടതാണ്. കൂടാതെ, ഡിസംബർ 6 മുതൽ ഡിസംബർ 13 വൈകുന്നേരം 3 മണി വരെയുള്ള ദൈനംദിന സർട്ടിഫൈഡ് ലിസ്റ്റ് അതാത് ദിവസങ്ങളിൽ തന്നെ കൈമാറേണ്ടതാണ്.

7. ആരോഗ്യവകുപ്പിന്റെ കൈവശമുള്ള രേഖകളിൽ നിന്നുള്ള വിവരങ്ങൾ സമാഹരിച്ചാണ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ (DHO) സർട്ടിഫൈഡ് ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഇതിനായി എല്ലാ കൂട്ടിച്ചേർക്കലുകളും വരുത്തിയ അന്തിമ വോട്ടർപ്പട്ടിക അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ (DEO) നവംബർ 27 ന് മുമ്പ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർക്ക് (DHO) കൈമാറേണ്ടതാണ്. സർട്ടിഫൈഡ് ലിസ്റ്റ് തയ്യാറാക്കുമ്പോൾ സ്പെഷ്യൽ വോട്ടർമാരുടെ വോട്ടർപട്ടികയിലെ വിവരങ്ങളും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ഏതെങ്കിലും തിരിച്ചറിയൽ രേഖയിലെ വിവരങ്ങളും കഴിവതും സ്പെഷ്യൽ വോട്ടറിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതാണ്. ആശുപത്രികളിൽ

പ്രവേശിപ്പിച്ചിട്ടുള്ള സ്പെഷ്യൽ വോട്ടർമാരുടെ വിശദാംശങ്ങൾ ആശുപത്രിയിൽ നിന്നും നേരിട്ട് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ (DHO) ശേഖരിക്കേണ്ടതാണ്. കോവിഡ്-19 പോസിറ്റീവായി ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത സ്ഥലത്ത് താമസിക്കുന്ന സ്പെഷ്യൽ വോട്ടർമാർ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറെ (DHO) നേരിട്ട് ബന്ധപ്പെടേണ്ടതാണ്. സ്വയം ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സംവിധാനങ്ങളിലൂടെ ഇത്തരം വോട്ടർമാർ വിവരങ്ങൾ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർക്ക് കൈമാറാവുന്നതാണ്. സർട്ടിഫൈഡ് ലിസ്റ്റിൽ വോട്ടർപട്ടിക സംബന്ധിച്ച എല്ലാ വിവരങ്ങളും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർതന്നെ പൂരിപ്പിക്കണമെന്നില്ല. ഈ വിവരങ്ങൾ പൂരിപ്പിക്കുന്നതിനും പിശകുകൾ തിരുത്തുന്നതിനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ഓഫീസിലെ സ്പെഷ്യൽ സെൽ നടപടി എടുക്കേണ്ടതാണ്.

8. സർട്ടിഫൈഡ് ലിസ്റ്റിൽ കോവിഡ്-19 പോസിറ്റീവായ സ്പെഷ്യൽ വോട്ടരമാരുടെ പേരുകൾ ഗ്രൂപ്പ് I -ലും ക്വാറന്റൈനിലുള്ള സ്പെഷ്യൽ വോട്ടർമാരുടെ പേരുകൾ ഗ്രൂപ്പ് II - ലും ചേർക്കണം.
9. സർട്ടിഫൈഡ് ലിസ്റ്റിലെ ഗ്രൂപ്പ് I ഉം ഗ്രൂപ്പ് II ഉം രണ്ട് ഭാഗങ്ങൾ (part) ആയി തയ്യാറാക്കും. ഭാഗം I ൽ ജില്ലയിൽ താമസ്സമുള്ളതും അതേ ജില്ലയിൽ തന്നെ വോട്ടറായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്പെഷ്യൽ വോട്ടർമാർ പാർട്ട് II ൽ ജില്ലയിൽ താമസമുള്ളതും മറ്റൊരു ജില്ലയിൽ വോട്ടറായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്പെഷ്യൽ വോട്ടർമാർ ഭാഗം II - ൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് ജില്ലകളിലെ വോട്ടർമാരുടെ വിവരം ആ ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ ഉടൻ തന്നെ അറിയിക്കുന്നതിന് ലിസ്റ്റ് ക്രമീകരിക്കേണ്ടതാണ്.
10. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ലഭ്യമാക്കുന്ന ലിസ്റ്റ് ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർമാർക്ക് സുഗമമായി നൽകുന്നതിന് സഹായകരമാകുന്ന വിധത്തിൽ വേണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി ക്രമത്തിൽ സർട്ടിഫൈഡ് ലിസ്റ്റിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.
11. സർട്ടിഫൈഡ് ലിസ്റ്റിലെ ഗ്രൂപ്പ് II-ൽ വരുന്ന ക്വാറന്റൈനിൽ ഉള്ള വോട്ടരുടെ വിവരങ്ങൾ അവരുടെ അറിവിലേക്കായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയും / ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറുടെയും വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.
12. ആരോഗ്യവകുപ്പിന്റെ നിർദ്ദേശമുള്ളതിനാൽ സർട്ടിഫൈഡ് ലിസ്റ്റിലെ ഗ്രൂപ്പ് I ലെ കോവിഡ്-19 പോസിറ്റീവ് ആയവരുടെ വിവരങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധക്കായി പ്രസിദ്ധീകരിക്കാൻ പാടില്ല. എന്നാൽ, സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ളവരുടെ പേര് വിവരം ലിസ്റ്ററിൽ നിന്ന് ഒഴിവായി പോകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
13. ഡിസംബർ 10 നും, 14 നും വോട്ടെടുപ്പ് നടക്കുന്ന കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കോവിഡ് 19 പോസിറ്റീവ് ആയവരും ക്വാറന്റൈനിൽ ഉള്ളവരും ഡിസംബർ 8 ന് വോട്ടെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലെ താമസക്കാരാകാം. ഇത്തരം സ്പെഷ്യൽ വോട്ടർമാർക്കും സ്പെഷ്യൽ ബാലറ്റ് പേപ്പർ മുഖേന വോട്ട് ചെയ്യാവുന്നതാണ്. ഇതിനായി കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ നവംബർ 29 ന് ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് തയ്യാറാക്കണം. തുടർന്ന് ഡിസംബർ 7 വരെ തീയതികളിൽ (സർട്ടിഫൈഡ് ലിസ്റ്റിലെ ഭാഗം II ൽ)

കോവിഡ്-19 പോസിറ്റീവ് ആയവരുടെയും ക്വാറന്റൈനുള്ളവരുടെയും ലിസ്റ്റും തയ്യാറാക്കണം. അത്തരത്തിലുള്ള 9 ജില്ലകളിലെ ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അവർക്ക് ലഭിക്കുന്ന സർട്ടിഫൈഡ് ലിസ്റ്റുകൾ ബന്ധപ്പെട്ട 5 ജില്ലകളിലെ ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അതേ ദിവസംതന്നെ അറിയിച്ചിരിക്കേണ്ടതാണ്.

14. സർട്ടിഫൈഡ് ലിസ്റ്റ് സംബന്ധിച്ച തുടർനടപടി പ്ലാൻ ചെയ്യുന്നതിനും അവ റിട്ടേണിംഗ് ഓഫീസർമാർക്കുംമറ്റ് ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുന്നതിനും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന്റെ ഓഫീസിലെ ഇലക്ഷൻ സെക്ഷനിൽ ആവശ്യമായ ഉദ്യോഗസ്ഥരും സജ്ജീകരണങ്ങളുമായി ഒരു സ്പെഷ്യൽ സെൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.
15. ഇപ്രകാരമുള്ള സ്പെഷ്യൽ സെൽ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ സർട്ടിഫൈഡ് ലിസ്റ്റിലെ വിവരങ്ങൾ അന്തിമ വോട്ടർ പട്ടികയുമായി ഒത്തുനോക്കി പരിശോധിക്കേണ്ടതാണ്. സർട്ടിഫൈഡ് ലിസ്റ്റിൽ ഏതെങ്കിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലായെങ്കിൽ പ്രസ്തുത സെൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയതിനുശേഷം സർട്ടിഫൈഡ് ലിസ്റ്റ് റിട്ടേണിംഗ് ഓഫീസർക്ക് നൽകേണ്ടതാണ്.
16. ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫൈഡ് ലിസ്റ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അന്നു തന്നെ ജില്ലയിലെ ബന്ധപ്പെട്ട എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും കൊടുക്കേണ്ടതാണ്.
17. സർട്ടിഫൈഡ് ലിസ്റ്റിലെ ഭാഗം II ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ വോട്ടർമാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ഉടൻതന്നെ അയച്ചു കൊടുക്കേണ്ടതും അത് ആ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അന്നുതന്നെ ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർക്ക് കൈമാറേണ്ടതാണ്.
18. ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് നൽകുന്ന ബാലറ്റ് പേപ്പറിന്റെ അതേ മാതൃകയിലും ഭാഷയിലും ആയിരിക്കണം സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പറും തയ്യാറാക്കേണ്ടത്.
19. പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അയച്ചുകൊടുക്കുന്നതിന് റിട്ടേണിംഗ് ഓഫീസർമാർ നിലവിൽ അനുവർത്തിച്ചു വരുന്ന നടപടിക്രമങ്ങൾ സ്പെഷ്യൽ ബാലറ്റ് പേപ്പറുകൾ നൽകുന്നതിനും സ്വീകരിക്കേണ്ടതാണ്.

20. I. സ്പെഷ്യൽ വോട്ടർക്ക് വാസസ്ഥലത്ത് വച്ച് തന്നെ വോട്ടു ചെയ്യാം

സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു വോട്ടർക്ക് പോസ്റ്റൽ വോട്ട് ചെയ്യുന്നതിനുള്ള 19 ബി ഫാറത്തിലുള്ള അപേക്ഷയും 16-ാം നമ്പർ ഫോറത്തിലുള്ള സത്യപ്രസ്ഥാവനയും ബാലറ്റ് പേപ്പറും മറ്റ് ഫോറങ്ങളും നൽകി സ്പെഷ്യൽ പോളിംഗ് ഓഫീസറെ വോട്ടറുടെ അടുത്തേയ്ക്ക് നിയോഗിക്കുന്നത് വരണാധികാരിയാണ്. നിലവിൽ പോസ്റ്റൽ ബാലറ്റ് വഴി തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ വോട്ടുചെയ്യുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടുതന്നെ വോട്ട് ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും സ്പെഷ്യൽ പോളിംഗ് ഓഫീസർ സ്പെഷ്യൽ വോട്ടർക്കും ചെയ്തു കൊടുക്കേണ്ടതാണ്. വോട്ടർ 19 ബി അപേക്ഷ പൂരിപ്പിച്ച് നൽകി ബാലറ്റ് പേപ്പർ കൈപ്പറ്റിയ ശേഷം ബാലറ്റ് പേപ്പർ കൈപ്പറ്റിയതായി അപേക്ഷയിൽ ഒപ്പിട്ട് നൽകേണ്ടതാണ്. വോട്ടർക്ക് സ്വന്തം വാസസ്ഥലത്ത് വച്ച് തന്നെ, വോട്ടുചെയ്യുന്നതിന്റെ രഹസ്യ സ്വഭാവം പാലിച്ചുകൊണ്ട് വോട്ട് ചെയ്യാവുന്നതാണ്. വോട്ട് ചെയ്തുശേഷം ബാലറ്റ് പേപ്പർ ചെറിയ കവറിനകത്ത് ഇട്ട് കവർ ഒട്ടിക്കുകയാണ് സമ്മതിദായകൻ അടുത്തതായി ചെയ്യേണ്ടത്. സത്യപ്രസ്താവനയിലെ

സമ്മതിദായകന്റെ ഒപ്പ് സ്പെഷ്യൽ പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ബാലറ്റ് പേപ്പർ അടക്കം ചെയ്ത ചെറിയ കവറും സാക്ഷ്യപ്പെടുത്തിയ പ്രസ്താവനയും കൂടി വലിയ കവറിനകത്ത് ഇട്ട് കവർ ഒട്ടിക്കേണ്ടതും കോവിഡ് 19 സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് അവ സ്പെഷ്യൽ പോളിംഗ് ഓഫീസറിന് കൈമാറേണ്ടതുമാണ്. അവ കൈപ്പറ്റിയതിന് സ്പെഷ്യൽ പോളിംഗ് ഓഫീസർ വോട്ടർക്ക് കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

ii വോട്ട് ചെയ്ത ബാലറ്റ് നേരിട്ടും വരണാധികാരിക്ക് നൽകാം.

മേൽപ്പറഞ്ഞ പ്രകാരം അപേക്ഷ നൽകി ബാലറ്റ് പേപ്പറും മറ്റ് ഫോറങ്ങളും പോളിംഗ് ഓഫീസറിൽ നിന്നും വാങ്ങിയശേഷം അപ്പോൾ തന്നെ വോട്ട് ചെയ്ത് പോളിംഗ് ഓഫീസർക്ക് മടക്കി നൽകാൻ ഒരു വോട്ടർ ആഗ്രഹിക്കുന്നില്ലെങ്കിൽ, സത്യപ്രസ്താവനയിലെ അയാളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി പോളിംഗ് ഓഫീസർക്ക് നൽകേണ്ടതും വോട്ടറിൽ നിന്നും ബാലറ്റ് പേപ്പർ മുതലായവ അയാൾ വാങ്ങിയത് സംബന്ധിച്ച് 19 ബി അപേക്ഷയിൽ അക്കാര്യം രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള ഒരു വോട്ടർക്ക് വോട്ട ചെയ്ത ശേഷം ബാലറ്റ് പേപ്പർ ചെറിയ കവറിനകത്ത് ഇട്ട് കവർ ഒട്ടിച്ചശേഷം പ്രസ്തുത കവറും സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും കൂടി വലിയ കവറിനകത്ത് ഇട്ട് കവർ ഒട്ടിച്ചശേഷം, കോവിഡ് 19 സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് തപാൽ മുഖേനയോ ആൾ വശമോ ആ പ്രത്യേക വാർഡിലെ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് മുമ്പ് വരണാധികാരിക്ക് ലഭിക്കത്തക്കവിധം അയച്ച്കൊടുക്കേണ്ടതാണ്.

iii സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടെ ഒരു സമ്മതിദായകനോ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു സമ്മതിദായകനോ സ്പെഷ്യൽ ബാലറ്റിന് വരണാധികാരിക്ക് അപേക്ഷിച്ച് വോട്ട് ചെയ്യാം.

ഇപ്രകാരമുള്ള ഒരു വോട്ടർ തപാൽ ബാലറ്റ് ലഭിക്കുന്നതിനുള്ള ഫോറം 19ഡി ലുള്ള അപേക്ഷ, ഫോറം 19 സി യിലുള്ള സർട്ടിഫിക്കറ്റ് സഹിതം വരണാധികാരിക്ക് നേരിട്ട് അപേക്ഷിക്കാവുന്നതാണ്, ഇത്തരം ഒരു അപേക്ഷ ലഭിച്ചാൽ വരണാധികാരി 22-ാം ചട്ടപ്രകാരമുള്ള ബാലറ്റ് പേപ്പറും മറ്റ് ഫാറങ്ങളും പ്രത്യേക സമ്മതിദായകന് തപാൽ മാർഗ്ഗമോ നേരിട്ടോ അൾവശമോ നൽകാവുന്നതാണ്. പോസ്റ്റൽ ബാലറ്റ് പേപ്പർ ലഭിച്ച ഒരു സമ്മതിദായകൻ 17-ാം നമ്പർ ഫാറത്തിലുള്ള നിർദ്ദേശങ്ങൾ പാലിച്ച് വോട്ട് ചെയ്ത ശേഷം ബാലറ്റ് പേപ്പർ ചെറിയ കവറിനകത്ത് ഇട്ട് ഒട്ടിക്കണം. അതിനുശേഷം ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഫോറം 16 ലുള്ള സത്യപ്രസ്താവനയിൽ ഒപ്പിടേണ്ടതും അദ്ദേഹം ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ബാലറ്റ് പേപ്പർ അടക്കം ചെയ്ത പ്രസ്തുത കവറും സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും കൂടി വലിയ കവറിനകത്ത് ഇട്ട് കവർ ഒട്ടിച്ചശേഷം, കോവിഡ് 19 സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച്, തപാൽ മുഖേനയോ ആൾ വശമോ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സമയത്തിന് മുമ്പ് വരണാധികാരിക്ക് ലഭിക്കത്തക്കവിധം അയച്ചുകൊടുക്കേണ്ടതാണ്.

iv ഇപ്പോൾ മറ്റൊരു ജില്ലയിലായിരിക്കുന്ന പ്രത്യേക വോട്ടർക്ക് എങ്ങനെ വോട്ട് ചെയ്യാം.

ഒരു ജില്ലയിലെ സർട്ടിഫൈഡ് ലിസ്റ്റിൽ മറ്റൊരു ജില്ലയിലെ പ്രത്യേക സമ്മതിദായകരുടെ പേര് ഉൾപ്പെടുന്ന പക്ഷം, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സർട്ടിഫൈഡ് ലിസ്റ്റിന്റെ പ്രസ്തുതഭാഗം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ച് കൊടുക്കേണ്ടതും ആ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പ്രസ്തുത

ലിസ്റ്റ് ബന്ധപ്പെട്ട വരണാധികാരിക്ക് അയച്ച് കൊടുക്കേണ്ടതുമാണ്. വരണാധികാരി പ്രസ്തുത സർട്ടിഫൈഡ് ലിസ്റ്റിന്റെയും ഇലക്ടറൽ റോളിന്റെയും അടിസ്ഥാനത്തിൽ 22-ാം ചട്ടപ്രകാരമുള്ള പോസ്റ്റൽ ബാലറ്റ് ഫോറങ്ങളും മറ്റ് ഫോറങ്ങളും അയാൾ ഇപ്പോഴുള്ള മേൽവിലാസത്തിൽ തപാലിൽ അയച്ച് കൊടുക്കേണ്ടതും സ്പെഷ്യൽ വോട്ടർ 17-ാം ഫോറത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് വോട്ട് ചെയ്തശേഷം ബാലറ്റ് പേപ്പർ ചെറിയ കവറിൽ ഇട്ട് കവർ ഒട്ടിച്ച ശേഷം ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഫോറം 16-ലുള്ള സത്യപ്രസ്താവന ഒപ്പിടേണ്ടതും അദ്ദേഹം ആ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ബാലറ്റ് പേപ്പർ അടക്കം ചെയ്ത ചെറിയ കവറും സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും കൂടി വലിയ കവറിനകത്ത് ഇട്ട് ഒട്ടിച്ചശേഷം, കോവിഡ് 19 സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച്, തപാൽ അടങ്ങിയ കവർ തപാൽ മുഖേനയോ ആൾവശമോ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സമയത്തിന് മുമ്പ് വരണാധികാരിക്ക് ലഭിക്കത്തക്കവിധം അയച്ച് കൊടുക്കേണ്ടതാണ്.

v ഇപ്പോൾ മറ്റൊരു ജില്ലയിലായിരിക്കുന്ന പ്രത്യേക വോട്ടർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതവും പോസ്റ്റൽ വോട്ട് ചെയ്യാം.

ഇപ്രകാരമുള്ള ഒരു സമ്മതിദായകന്, ഫോറം 19 സി സർട്ടിഫിക്കറ്റ് സഹിതം 19 ഡി അപേക്ഷ വരണാധികാരിക്ക് നൽകി തപാൽ ബാലറ്റ് വാങ്ങിയും തപാൽ വോട്ട് ചെയ്യാവുന്നതാണ് തപാൽ ബാലറ്റ് വഴി വോട്ട് ചെയ്യുന്നത്. സംബന്ധിച്ച പൊതുവായ നടപടിക്രമങ്ങൾ ഇതിന് ബാധകമാണ്.

vi വോട്ടെടുപ്പിന്റെ തലേന്ന് 3 മണിക്ക് ശേഷം സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്ന പ്രത്യേക സമ്മതിദായകന് പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്യാം.

വോട്ടെടുപ്പിന് തലേന്ന് 3 മണിക്ക് ശേഷം സർട്ടിഫൈഡ് ലിസ്റ്റിൽ വരുന്ന പ്രത്യേക സമ്മതിദായകന് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറോ അധികാരപ്പെടുത്തിയ മെഡിക്കൽ ഓഫീസറോ ഫോറം 19 സി യിൽ നൽകിയ സാക്ഷ്യപത്രവുമായി വന്ന് പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്യാം. അത്തരം ഒരു വോട്ടർക്ക് പ്രത്യേക പോസ്റ്റൽ ബാലറ്റ് നൽകാൻ പാടിലില. പി.പി.ഇ കിറ്റ് ഉൾപ്പെടെയുള്ള ഉയർന്ന കോവിഡ് 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചുവേണം പോളിംഗ് സ്റ്റേഷനിൽ എത്താൻ, വോട്ട് ചെയ്യുന്നതിന് പ്രത്യേക സമ്മതിദായകന് ആവശ്യമായ ഫോറം 19 സി സാക്ഷ്യപത്രം അപ്പപ്പോൾ തന്നെ ആരോഗ്യവകുപ്പ് അധികാരികൾ സ്പെഷ്യൽ വോട്ടറുടെ വാസസ്ഥലത്ത് എത്തിക്കുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ ചികിത്സയിലും ക്വാറന്റൈനിലും ഇരിക്കുന്നവരെ ആരോഗ്യ വകുപ്പ് തന്നെ പോളിംഗ് സ്റ്റേഷനിൽ എത്തിക്കുന്നതാണ്. എന്നാൽ അത്തരത്തിലല്ലാത്ത സ്പെഷ്യൽ വോട്ടർമാർ സ്വന്തം നിലയിൽ തന്നെ പോളിംഗ് സ്റ്റേഷനിൽ എത്തിച്ചേരേണ്ടതാണ്. വോട്ടെടുപ്പിന്റെ അവസാനം പോളിംഗ് സ്റ്റേഷനിൽ ക്യൂവിലുള്ളതും ടോക്കൺ ലഭിച്ചതുമായ സാധാരണ സമമതിദായകർ വോട്ട് ചെയ്ത ശേഷമാണ് പ്രത്യേക സമ്മതിദായകന് വോട്ട് ചെയ്യാൻ അവസരം ലഭിക്കുന്നത്.

21. പ്രത്യേക ബാലറ്റ് പേപ്പറുകളുടെ (SPB) കണക്കെടുപ്പും അതിന്റെ അച്ചടിയും

ഓരോ നിയോജകമണ്ഡലത്തിലും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക അന്തിമമാക്കുന്ന ദിവസം തന്നെ അച്ചടിക്കേണ്ട സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുപേപ്പറുകളുടെ ആവശ്യാനുസരണമുള്ള എണ്ണം വരണാധികാരികൾ നിർണ്ണയിക്കണം. കോവിഡ് ബാധിതരുടെയും ക്വാറന്റൈനിൽ കഴിയുന്നവരുടെയും എണ്ണത്തെ അടിസ്ഥാനമാക്കിയാണ് കണക്കെടുക്കേണ്ടത്. സർട്ടിഫൈഡ് ലിസ്റ്റിൽ (CL) ആളുകളുടെ എണ്ണം കൂടിവരുന്നസാഹചര്യമുണ്ടെങ്കിൽ ആ പ്രദേശത്തെ ആരോഗ്യവകുപ്പ്

ഉദ്യോഗസ്ഥന്റെ സഹായത്തോടെ യാഥാർത്ഥ്യബോധത്തോടെ വേണം ആവശ്യമായ പോസ്റ്റൽ ബാലറ്റിന്റെ എണ്ണം നിർണ്ണയിക്കേണ്ടത്.

22. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സ്പെഷ്യൽ വോട്ടർമാർക്ക് (SV) തപാൽ ബാലറ്റ് പേപ്പറുകൾ (SPB) എത്തിയ്ക്കുന്നതിനും വോട്ട് ചെയതശേഷം തിരികെ ശേഖരിക്കുന്നതിനും ചുവടെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.

I. സ്പെഷ്യൽ ബാലറ്റ് പേപ്പറുകളുടെ വിതരണത്തിനും ശേഖരണത്തിനും വേണ്ടി, സംസ്ഥാനത്ത് പോളിംഗിനുവേണ്ടി നിയോഗിക്കപ്പെടുന്ന പ്രിസൈഡിംഗ് ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു സ്പെഷ്യൽ പോളിംഗ് ഓഫീസറെയും (SPO), അദ്ദേഹത്തെ സഹായിക്കുന്നതിന് സ്പെഷ്യൽ പോളിംഗ് അസിസ്റ്റന്റിനെയും (SPA) ഒന്നോ അതിലധികമോ വാർഡുകളിലേക്ക് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിക്കേണ്ടതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന സ്പെഷ്യൽ പോളിംഗ് ഓഫീസർമാർ ആ പ്രദേശത്തു നിന്നുള്ള വരോ അവിടെ ജോലിചെയ്യുന്ന വരോ ആകാൻ പാടില്ല .

II. ഒരു പ്രദേശത്ത് എത്ര പോളിംഗ് ടീമുകളെ നിയോഗിക്കണം എന്നത് സ്പെഷ്യൽ വോട്ടർമാരുടെ എണ്ണത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇതിലേക്ക് വരണാധികാരി തന്റെ ആവശ്യകത ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്.

III. പോളിംഗ് ടീമുകൾക്ക് ഒന്നോ അതിലധികമോ പ്രദേശങ്ങൾ ഇതിനായി വരണാധികാരി നിശ്ചയിച്ച് നൽകേണ്ടതാണ്.

IV. പ്രത്യേക വോട്ടർമാർ താമസിക്കുന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് പൂർത്തിയാക്കി തപാൽ ബാലറ്റുകളും അനുബന്ധ ഫാറങ്ങളും വിതരണം ചെയ്യുന്നതിനും ശേഖരിയ്ക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ വരണാധികാരി ഏർപ്പെടുത്തേണ്ടതാണ്. ഒരു സന്ദർശനത്തിലൂടെതന്നെ സ്പെഷ്യൽ വോട്ടർക്ക് ബാലറ്റ് പേപ്പറും അനുബന്ധ ഫാറങ്ങളും വിതരണം ചെയ്യുന്നതിനും വോട്ട് ചെയ്തശേഷം അവ തിരികെ ശേഖരിച്ച് സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കുന്നതിന് വേണ്ടി വരണാധികാരിക്ക് കൈമാറുന്നതിനും ടീം ശ്രദ്ധിക്കേണ്ടതാണ്.

V. സ്പെഷ്യൽ പോളിംഗ് ഓഫീസർ സ്പെഷ്യൽ വോട്ടറുടെ മേൽവിലാസത്തിൽ അവരെ സന്ദർശിക്കേണ്ടതും പോസ്റ്റൽ ബാലറ്റ്പേപ്പർ നൽകി വോട്ട്ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കേണ്ടതും വോട്ട് ചെയ്തശേഷം നടപടിക്രമങ്ങൾ പാലിച്ച് ബാലറ്റ് പേപ്പർ അടങ്ങിയ കവർ തിരികെ വാങ്ങേണ്ടതുമാണ്. വരണാധികാരി പോളിംഗ് ഓഫീസർമാർക്ക് സ്പെഷ്യൽ വോട്ടറുടെ എണ്ണത്തിനനുസരിച്ച് പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകേണ്ടതും ആ പ്രദേശത്തെ സംബന്ധിച്ച വോട്ടർപട്ടികയുടെ വർക്കിംഗ് കോപ്പി നൽകേണ്ടതുമാണ്.

VI. സന്ദർശന സമയത്തെക്കുറിച്ച് സ്പെഷ്യൽ വോട്ടർമാരെ പോളിംഗ് ഓഫീസർ തന്നെ മുൻകൂട്ടി അറിയിച്ചിരിക്കണം. പ്രസ്തുത അറിയിപ്പ് SMS മുഖേനയോ ഫോൺ മുഖേനയോ വോട്ടറെ അറിയിച്ചിരിക്കേണ്ടതാണ്.

VII. പോസ്റ്റൽ ബാലറ്റ് സ്പെഷ്യൽ വോട്ടർക്ക് നൽകുന്നതും ശേഖരിക്കുന്നതുമായ തീയതിയും സമയവും മത്സരിക്കുന്ന സ്ഥാനാർത്ഥികളെയും പോളിംഗ് ഓഫീസർ അറിയിച്ചിരിക്കണം. അതാത് റിട്ടേണിംഗ് ഓഫീസർമാർ ഇതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

VIII. ഓരോ പോളിംഗ് ടീമിനും അടുത്തടുത്തുള്ള പ്രദേശത്തുള്ള വോട്ടറെ സന്ദർശിക്കാവുന്ന തരത്തിൽവേണം ലിസ്റ്റ് വിതരണം നടത്തേണ്ടത്.

IX. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റും ഫോറങ്ങളും ലഭിച്ചതായുള്ള സ്പെഷ്യൽ വോട്ടറുടെ സാക്ഷ്യപ്പെടുത്തൽ ഫാറം സി യിൽ സ്പെഷ്യൽ പോളിംഗ് ഓഫീസർ വാങ്ങണം. എന്നാൽ, സ്പെഷ്യൽ വോട്ടർ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പറും മറ്റ് ഫാറങ്ങളും വാങ്ങുന്നത് നിരസിച്ചാൽ പ്രസ്തുത വിവരം രജിസ്റ്ററിലും ഫാറം 19 ബി യിലും രേഖപ്പെടുത്തേണ്ടതാണ്.

X. സ്പെഷ്യൽ വോട്ടർമാർ ബാലറ്റ്പേപ്പറും മറ്റ് ഫോറങ്ങളും വാങ്ങുന്നതിനു സമ്മതിച്ചാൽ പോളിംഗ് ഓഫീസർ ബാലറ്റ് പേപ്പർ ലഭിക്കുന്നതിന് 19 ബി ഫാറത്തിലുള്ള അപേക്ഷയിൽ വോട്ടറെകൊണ്ട് ഒപ്പിടിവിക്കേണ്ടതും അനുബന്ധ ഫാറങ്ങൾ വോട്ടർമാർക്ക് നൽകേണ്ടതുമാണ്. പോസ്റ്റൽ ബാലറ്റ് വോട്ടർക്ക് നൽകുന്നതിന് മുന്പായി സ്പെഷ്യൽ വോട്ടറുടെ ഐഡന്റിന്റി പോളിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

XI. സ്പെഷ്യൽ വോട്ടറുടെ പേരും ഐഡന്റിറ്റിയും തെളിയിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന രേഖകളുടെ വിവരവും പ്രസ്തുത വോട്ടറുടെ ഒപ്പോ വിരലടയാളമോ ഇതിലേക്കുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വോട്ട് രേഖപ്പെടുത്തി എന്ന് കാണിക്കുന്നതിനായി ലിസ്റ്റിൽ വോട്ടറുടെ പേരിന്റെ നേരെ ടിക് (✓) മാർക്ക് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, പോളിംഗ് ഓഫീസറുടെ കൈയിലുള്ള വോട്ടർപട്ടികയുടെ വർക്കിംഗ് കോപ്പിയിലും 'SPB' എന്ന് രേഖപ്പെടുത്തേണ്ടതാണ്. ബാലറ്റ് പേപ്പർ സ്പഷ്യൽ വോട്ടർക്ക് നൽകുന്നതിന് മുന്പ് പോസ്റ്റൽ ബാലറ്റ് പേപ്പറിന്റെ കൗണ്ടർപോയിലിൽ വോട്ടറുടെ ക്രമനമ്പർ പാർട്ട് നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതും അത് വേർപെടുത്തി സുരക്ഷിതമായി വയ്ക്കേണ്ടതും അതേ ദിവസം തന്നെ വരണാധികാരിയെ ഏൽപ്പിക്കേണ്ടതമാണ്.

XII. സ്പെഷ്യൽ പോളിംഗ് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ:

- സ്പെഷ്യൽ വോട്ടർക്ക് പോസ്റ്റൽ ബാലറ്റുകൾ നൽകുക.
- സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിലൂടെയുള്ള വോട്ടിംഗിനെ കുറിച്ച് വോട്ടറെ ബോധവൽക്കരിക്കുക.
- വോട്ട് ചെയ്യുന്നത് ആരുടെയും നിർബന്ധത്താലല്ല എന്ന് ഉറപ്പ് വരുത്തുക.
- വോട്ടിംഗിന്റെ രഹസ്യസ്വഭാവം ഉറപ്പുവരുത്തേണ്ടതും വോട്ടറുടെ വാസസ്ഥലത്താലാണ് വോട്ടിംഗ് നടപടികൾ നടക്കുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

എന്നിരുന്നാലും, അന്ധതയോ ശാരീരിക അവശതയോ കാരണം ഏതെങ്കിലും വോട്ടർക്ക് സ്വയം വോട്ട് രേഖപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ, സ്ഥാനാർത്ഥിയോ ഏജന്റോ അല്ലാത്ത മുതിർന്ന ഒരാളിന്റെ സഹായം വോട്ടർക്ക് ഇതിലേക്ക് ലഭ്യമാക്കാവുന്നതാണ്.

Xiii വോട്ട് ചെയ്യുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പോളിംഗ് ഓഫീസർ വിശദീകരിക്കുമ്പോൾ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തേണ്ടതാണ്.

- സ്പെഷ്യൽ വോട്ടർ സർക്കാർ ആശുപത്രിയിൽ ചികിത്സയിലാണെങ്കിൽ ഫാറം 16 ലെ സത്യ പ്രസ്താവന സ്പെഷ്യൽ പോളിംഗ് ഓഫീസറോ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- പോസ്റ്റൽ ബാലറ്റ് പേപ്പറിന്റെ ക്രമനമ്പർ ഫാറം 16 ലും ചെറിയ കവറിലും രേഖപ്പെടുത്തണം.
- വോട്ടു ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഗുണന ചിഹ്നമോ ടിക്ക് മാർക്കോ വേണം അടയാളപ്പെടുത്തേണ്ടത്.

- ➢ വോട്ട് രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റ് മടക്കി ചെറിയ കവറിനുള്ളിലാക്കി കവർ ഒട്ടിക്കേണ്ടതാണ്.
- ➢ ഫാറം 16 ലെ സത്യപ്രസ്താവന ശരിയായി പൂരിപ്പിച്ച് ഒപ്പിട്ട് സാക്ഷ്യപ്പെടുത്തി ബാലറ്റ് പേപ്പർ അടങ്ങിയ ചെറിയ കവറിനോടൊപ്പം വലിയ കവറിനുള്ളിൽ ഇടേണ്ടതും വലിയ കവർ ഒട്ടിച്ച് സീൽ ചെയ്യേണ്ടതുമാണ്.

XiV സ്പെഷ്ൽ പോളിംഗ് ഓഫീസറെ വോട്ടർമാരുടെ സത്യപ്രതിജ്ഞ സാക്ഷ്യപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ സാക്ഷ്യപ്പെടുത്തുമ്പോൾ സ്പെഷ്യൽ പോളിംഗ് ഓഫീസർ പേരും 'പോൾ ഓഫീസർ' എന്ന ഉദ്യോഗപേരും ചേർക്കേണ്ടതാണ്. സ്പെഷ്യൽ വോട്ടർ ആശുപത്രികളിൽ ചികിത്സയിലാണെങ്കിൽ ആ വോട്ടറെ ചികിത്സിക്കുന്ന മെഡിക്കൽ ഓഫീസർക്കും സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താവുന്നതാണ്.

Xv സ്പെഷ്യൽ വോട്ടർ സമ്മതത്തോടെ ബാലറ്റ് പേപ്പർ ഉള്ളടക്കം ചെയ്ത വലിയ കവർ പോളിംഗ് ഉദ്യോഗസ്ഥർക്ക് സ്വീകരിക്കാവുന്നതാണ്. അത്തരത്തിൽ കവർ സ്വീകരിക്കുമ്പോൾ പോളിംഗ് ഉദ്യോഗസ്ഥർ മുൻകൂട്ടി കരുതിയിട്ടുള്ള കൈപ്പറ്റ് രസീത് വോട്ടർക്ക് നൽകേണ്ടതാണ്. സ്പെഷ്യൽ വോട്ടർ ബാലറ്റ് ഉള്ളടക്കം ചെയ്ത കവർ പോളിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറാത്ത സാഹചര്യത്തിൽ ആ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി വോട്ടറുടെ ഒപ്പ് വാങ്ങിയിരിക്കേണ്ടതാണ്. അത്തരത്തിൽ ബാലറ്റ് ഉള്ളടക്കം ചെയ്ത വലിയ കവർ സ്പെഷ്യൽ വോട്ടർ വരണാധികാരിക്ക് തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലെ 23(3) പ്രകാരം നേരിട്ട് അയച്ച് കൊടുക്കേണ്ടതാണ്. അത്തരത്തിൽ വോട്ട് രേഖപ്പെടുത്തിയ കവർ വരണാധികാരിക്ക് നേരിട്ട് അയക്കാൻ തീരുമാനിക്കുകയാണെങ്കിലും വോട്ടറുടെ ഫാറം 16 ലെ സത്യപ്രസ്താവന സ്പെഷ്യൽ പോളിംഗ് ഓഫീസർ തന്നെ സാക്ഷ്യപ്പെടുത്തണം.

Xvi സ്പെഷ്യൽ ബാലറ്റ് പേപ്പർ, സ്പെഷ്യൽ വോട്ടർ നേരിട്ട് നൽകുന്നതിന് തീരുമാനിച്ചാലും 16 -ാം നമ്പർ ഫാറത്തിലുള്ള സത്യപ്രസ്ഥാവന സന്ദർശനം നടത്തുന്ന സ്പെഷ്യൽ പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണെന്നകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

xvii സന്ദർശനം നടത്തുന്ന പോളിംഗ് ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ വോട്ടർമാരുടെ ലിസ്റ്റ്, ആവശ്യമായ എണ്ണം കൗണ്ടർഫോയിൽ സഹിതമുള്ള പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ, കവറുകൾ, മഷിപാഡ് (വിരലടയാളം വേണ്ടി വരുന്നിടത്ത് ), കവറുകൾ ഒട്ടിക്കുന്നതിനു ആവശ്യമായ പശ (glue stick), സീലിംഗ് വാക്സ്, മെഴുകുതിരി, തീപ്പെട്ടി എല്ലാ തരം, ഫോറങ്ങൾ, അച്ചടിച്ച പറ്റുചീട്ട് സ്ലിപ്പുകൾ (printed acknowledgement slips), പോൾ ചെയ്ത ബാലറ്റുകളും കൗണ്ടർഫോയിലുകളും അടങ്ങുന്ന കവറുകൾ സുരക്ഷിതമായി വയ്ക്കുന്നതിനുള്ള വലിയ കാൻവാസ് ബാഗ്, ആവശ്യമെന്ന് കരുതുന്ന സ്റ്റേഷനറി സാധനങ്ങൾ എന്നിവ നൽകേണ്ടതാണ്.

xviii സ്പെഷ്യൽ പോളിംഗ് ടീം സന്ദർശനം നടത്തുമ്പോൾ ആവശ്യമായ പോലീസ് സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

xix പോളിംഗ് ദിവസത്തിന്റെ തലേ ദിവസം വൈകുന്നേരം 3.00 മണിവരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വോട്ടർമാരെയും ആ ദിവസം തന്നെ സ്പെഷ്യൽ പോളിംഗ് ഉദ്യോഗസ്ഥർ സന്ദർശനം നടത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് റിട്ടേണിംഗ് ഓഫീസർ ഉറപ്പ് വരുത്തണം.

xx പോളിംഗ് ദിവസത്തിന് മുമ്പുള്ള പത്ത് ദിവസങ്ങളിലും പോളിംഗ് ദിവസത്തിന് തലേന്ന് വൈകുന്നേരം 3 മണിവരെയുമുള്ള സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടില്ലായെങ്കിലും ആരോഗ്യ വകുപ്പിന്റെ രേഖകളിൽ കോവിഡ് പോസിറ്റീവായോ, ക്വാറന്റൈനിൽ

ആയോ സർട്ടിഫൈ ചെയ്യപ്പെട്ടിട്ടുള്ളവർക്കും പോസ്റ്റൽ ബാലറ്റിനായി നേരിട്ട് അപേക്ഷിക്കാവുന്നതാണ്. ഇതിനായി ഫാറം 19 സി യിലെ സർട്ടിഫിക്കറ്റ് സഹിതമാണ് ഫാറം 19 ഡി യിലെ അപേക്ഷ വരണാധികാരിക്ക് നൽകേണ്ടത്. അത്തരം വോട്ടർമാർക്കും പോസ്റ്റൽ ബാലറ്റ് മുഖേന വോട്ട് രേഖപ്പെടുത്താവുന്നതാണെന്ന കാര്യം എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും റിട്ടേണിംഗ് ഓഫീസർമാരും അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

xxi പോളിംഗ് ടീം താഴെപ്പറയുന്ന കോവിഡ് 19 സുരക്ഷമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

- ➢ ഓരോ സ്പെഷ്യൽ വോട്ടറിൽ നിന്നും തിരികെ ലഭിക്കുന്ന എല്ലാ ഫോറങ്ങളും കവറുകളിലാക്കി ഡബിൾ പാക്ക് (double pack) ചെയ്യുക.
- ➢ ഇലക്ഷൻ സാധനങ്ങൾ കൈപ്പറ്റുമ്പോൾ കയ്യുറകൾ നിർബന്ധമായും ധരിക്കണം.
- ➢ രേഖകൾ വോട്ടർക്ക് നൽകുമ്പോഴും അവ തിരികെ ലഭിക്കുമ്പോഴും കൈ ശുദ്ധീകരിക്കുന്നത് ശീലമാക്കണം.
- ➢ ബാലറ്റ് പേപ്പറും മറ്റും രേഖകളും സ്പെഷ്യൽ വോട്ടറും പോളിംഗ് ഓഫീസറും മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ.
- ➢ സ്പെഷ്യൽ ബാലറ്റ് അടങ്ങിയ കവറും ഡിക്ലറേഷൻ ഫാറവും മറ്റ് ഫാറങ്ങളും ഒറ്റ പായ്ക്കറ്റിലാക്കി വേണം തിരികെ വാങ്ങേണ്ടത്.
- ➢ ബാലറ്റ് അടങ്ങിയ സീൽ ചെയ്ത കവർ വരണാധികാരി ഇതിലേക്ക് നിശ്ചയിച്ചിട്ടുള്ള ബോക്സിൽ നിക്ഷേപിക്കുക.

Xxii സ്പെഷ്യൽ വോട്ടർ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ചോ അല്ലെങ്കിൽ സാനിട്ടൈസർ ഉപയോഗിച്ചോ അണുവിമുക്തമാക്കിയിട്ട് വേണം ബാലറ്റുപേപ്പറുകളും ബന്ധപ്പെട്ട ഫോറങ്ങളും കൈകാര്യം ചെയ്യാൻ. വോട്ടർ വോട്ട് രേഖപ്പെടുത്തിയതിന് ശേഷം ബാലറ്റ് പേപ്പർ ചെറിയ കവറിലാക്കി അത് സീൽ ചെയ്യണം. കൈകൾ വീണ്ടും സാനിറ്റൈസ് ചെയ്തതിനുശേഷമേ ബാലറ്റ് അടങ്ങിയ സീൽ ചെയ്ത കവർ സ്പെഷ്യൽ പോളിംഗ് ഓഫീസർക്ക് നൽകുവാനോ പോസ്റ്റ് ചെയ്യുവാനോ പാടുള്ളൂ.

XXiii സ്പെഷ്യൽ പോളിംഗ് ഓഫീസർക്കും ടീം അംഗങ്ങൾക്കുമുള്ള പി.പി.ഇ.കിറ്റും മറ്റ് കോവിഡ് പ്രതിരോധ സാമഗ്രികളും ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് ലഭ്യമാക്കേണ്ടതാണ്. ടീമംഗങ്ങൾ സന്ദർശന സമയത്ത് ആരോഗ്യസുരക്ഷ/മാനദണ്ഡങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണം. എന്നുമാത്രമല്ല മാസ്ക്, ഗ്ലൗസ്, ഫെയ്സ് ഷീൽഡ് എന്നിവ ഉപയോഗിക്കുകയും വേണം. ചുമയിലൂടെയുള്ള അണുപകർച്ച ഒഴിവാക്കുകയും സാമൂഹ്യഅകലം, റെസ്പിറേറ്ററി ഹൈജീൻ എന്നിവ പാലിക്കയും വേണം. സോപ്പും വെള്ളവുമുപയോഗിച്ചോ 70% ആൽക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ചോ കൈകൾ അണുവിമുക്തമാക്കിവേണം സ്പെഷ്യൽ വോട്ടർക്ക് സാധനങ്ങൾ നൽകേണ്ടത്. ഈ സാധനങ്ങളെല്ലാം ഒരു സിംഗിൾ പായ്ക്കറ്റായി നൽകുന്നത് സംബന്ധിച്ചും അവ എങ്ങനെ ഉപയോഗിക്കണമെന്നത് സംബന്ധിച്ചും സ്പെഷ്യൽ പോളിംഗ് ഓഫീസർ (SPO) ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം.

XXiv (a) ഒരു പോളിംഗ് ഓഫീസർ, ഓരോ ദിവസത്തെ സന്ദർശനത്തിന് ശേഷവും വോട്ട് ചെയ്ത സ്പെഷ്യൽ ബാലറ്റ് പേപ്പർ കവറുകൾ, ഉപയോഗിക്കാത്ത പോസ്റ്റൽ ബാലറ്റ് പേപ്പർ, സ്പെഷ്യൽ വോട്ടറുടെ ഒപ്പ്/വിരലടയാളം പതിച്ച ബാലറ്റ് പേപ്പറുകളുടെ കൗണ്ടർഫോയിലുകൾ ഉൾപ്പെടെയുള്ളവ സീൽ ചെയ്ത് റിട്ടേണിംഗ് ഓഫീസർക്ക് നൽകേണ്ടതും റിട്ടേണിംഗ് ഓഫീസർ അവ തന്റെ ഹെഡ്ക്വാട്ടേഴ്സിൽ സുരക്ഷിത

സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്. ഓരോ പോളിംഗ് ടീമിനും ഓരോ ദിവസവും നൽകുന്ന ബാലറ്റുകളുടെ എണ്ണത്തിന്റെ കണക്ക് വരണാധികാരി കൃത്യമായി സൂക്ഷിയ്ക്കേണ്ടതാണ്.

(b)സ്പെഷ്യൽ ബാലറ്റ് പേപ്പർ നൽകിയതിൽ വോട്ട് രേഖപ്പെടുത്തി സ്പെഷ്യൽ പോളിംഗ് ഓഫീസർക്ക് തിരികെ നൽകിയതും സ്പെഷ്യൽ ബാലറ്റ് പേപ്പർ സ്വീകരിക്കുകയും എന്നാൽ സ്പെഷ്യൽ വോട്ടർ അവ തിരികെ നൽകാത്തതുമായവയുണ്ടെങ്കിൽ അവയും രജിസ്റ്ററുമായും ഇലക്ടറൽ റോളിന്റെ വർക്കിംഗ് കോപ്പിയുമായി റിട്ടേണിംഗ് ഓഫീസർ ഒത്തുനോക്കേണ്ടതാണ്.

(c) സ്പെഷ്യൽ പോളിംഗ് ഓഫീസറിൽ നിന്നും സ്പെഷ്യൽ വോട്ടർ തപാൽ ബാലറ്റ് കൈപ്പറ്റിയ സംഗതിയിൽ വരണാധികാരി വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ ‘SPB’ എന്ന് മാർക്ക് ചെയ്യണം. പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകിയെന്നതിന് തെളിവായി ഇത് കണക്കാക്കേണ്ടതാണ്. എന്നാൽ തപാൽ ബാലറ്റ് പേപ്പറിന്റെ ക്രമനമ്പർ വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ സൂചിപ്പിക്കുവാൻ പാടില്ല.അത്തരത്തിൽ മാർക്ക് ചെയ്ത വോട്ടർപട്ടിക വോട്ടെടുപ്പിന്റെ തലേ ദിവസം വൈകുന്നേരം പ്രിസൈഡിംഗ് ഓഫീസർക്ക് ലഭ്യമാക്കണം. അവയാണ് പ്രിസൈഡിംഗ് ഓഫീസർ പോളിംഗ് സ്റ്റേഷനിൽ ഉപയോഗിക്കേണ്ടത്.

(d) സ്പെഷ്യൽ ബാലറ്റ് പേപ്പർ നൽകിയ ഒരു വോട്ടറും പോളിംഗ് സ്റ്റേഷനിൽ എത്തി വോട്ട് ചെയ്യുന്നില്ല എന്ന് വരണാധികാരിയും പ്രിസൈഡിംഗ് ഓഫീസറും ഉറപ്പുവരുത്തേണ്ടതാണ്.

(e)വരണാധികൾക്കും ഉപവരണാധികാരികൾക്കും ലഭിക്കുന്ന സ്പെഷ്യൽ പോസ്റ്റൽ വോട്ടുകൾ (SPB) മത്സരിക്കുന്ന സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിച്ച് പ്രസ്തുത ഓഫീസർമാരുടെ ഓഫീസിലോ വോട്ടെണ്ണൽ കേന്ദ്രത്തിലോ മറ്റ് ഏതെങ്കിലും ഓഫീസിലോ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

23. ഒരു ജില്ലയിലെ ഡസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ തയ്യാറാക്കുന്ന സർട്ടിഫൈഡ് ലിസ്റ്റിൽ ആ ജില്ലയിൽ താമസിക്കുന്നതും മറ്റൊരു ജില്ലയിലെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ട്വരുകയുമാണെങ്കിൽ രണ്ടാമത്തെ ജില്ലയിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ഉടൻ തന്നെ സർട്ടിഫൈഡ് ലിസ്റ്റ് കൈമാറേണ്ടതാണ്. അപ്രകാരം സ്പെഷ്യൽ വോട്ടറുടെ നിലവിലെ താമസസ്ഥലത്തേയ്ക്ക് വരണാധികാരി സ്പെഷ്യൽ ബാലറ്റ് പേപ്പറും അനുബന്ധ പേപ്പറുകളും അയച്ചു കൊടുക്കേണ്ടതും അത്തരത്തിൽ ലഭിക്കുന്ന സ്പെഷ്യൽ ബാലറ്റ് പേപ്പറിൽ വോട്ടർമാർ വോട്ട് രേഖപ്പെടുത്തിയും സത്യ പ്രസ്ഥാവന സാക്ഷ്യപ്പെടുത്തിയും നിശ്ചിത കവറിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്കർഷിക്കുന്ന രീതിയിൽ ആ വരണാധികാരിക്ക് തിരികെ നൽകേണ്ടതുമാണ്.

24. സ്പെഷ്യൽ വോട്ടർമാർക്ക് പോസ്റ്റൽ ബാലറ്റിന് വേണ്ടി വരണാധികാരിക്ക് നേരിട്ടും അപേക്ഷിക്കാൻ അവസരമുണ്ട്. ഡസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ (DHO) ഫോറം 19 സിയിൽ നൽകുന്ന സാക്ഷ്യപത്രം സഹിതമാണ് അത്തരത്തിൽ അപേക്ഷിക്കേണ്ടത്. പ്രസ്തുത വരണാധികാരി അപേക്ഷയിലെ വിവരങ്ങൾ പരിശോധിച്ച് വേണം അർഹതയുള്ളവർക്ക് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പർ അനുവദിക്കേണ്ടത്.

25. വോട്ടെടുപ്പിന്റെ തലേ ദിവസം വൈകുന്നേരം 3.00 മണിവരെ സർട്ടിഫൈഡ് ലിസ്റ്റിൽ (CL) ഉൾപ്പെട്ടുവരുന്ന സ്പെഷ്യൽ വോട്ടർമാർക്കും നേരിട്ട് അപേക്ഷിക്കുന്ന സ്പെഷ്യൽ വോട്ടർമാർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് നൽകുന്നതിനും വോട്ട് രേഖപ്പെടുത്തിയവ തിരികെ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ വരണാധികാരി സ്വീകരിക്കേണ്ടതാണ്. പോസ്റ്റൽ ബാലറ്റിനുള്ളഅത്തരം അപേക്ഷകളിൽ അന്ന് വൈകുന്നേരം 6.00 മണിക്കകം തന്നെ പോസ്റ്റൽ ബാലറ്റ് വിതരണം നടത്തേണ്ടതാണ്.

26. വരണാധികാരികൾ പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ വിതരണം ചെയ്തതിന് ശേഷം വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ SPB അടയാളപ്പെടുത്തി സീൽ ചെയ്ത കവറിൽ അതാത് പ്രിസൈഡിംഗ് ഓഫീസർമാർക്ക് വോട്ടെടുപ്പിന് തലേദിവസം രാത്രി 9.00 മണിക്ക് മുമ്പ് സെക്ടറൽ ഓഫീസർമാർ മുഖാന്തിരമോ പ്രത്യേക ദൂതൻ മുഖാന്തിരമോ കൈമാറേണ്ടതാണ്.

27. വോട്ടെടുപ്പിന് തലേന്ന് വൈകുന്നേരം 3.00 മണിക്ക് ശേഷം സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്ന ഒരു വോട്ടർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പർ അനുവദിക്കുന്ന പാടില്ലാത്തതാണ്.

28. സെപ്ഷ്യൽ വോട്ടർമാർ വോട്ട് രേഖപ്പെടുത്തി പോസ്റ്റ് വഴിയോ പോളിംഗ് ഉദ്യോഗസ്ഥർ വഴിയോ ലഭ്യമാക്കുന്ന പോസ്റ്റൽ വോട്ടുകൾ സ്വീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവ സ്വീകരിച്ചാലുടൻ തന്നെ സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകയോ 70% ആൾക്കഹോൾ അടങ്ങുന്ന സാനിട്ടൈസർ ഉപയോഗിക്കുകയോ വേണം.

29. വോട്ടെടുപ്പിന് തൊട്ട് തലേദിവസം വൈകുന്നേരം 3.00 മണിക്ക് ശേഷം സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ട് വരുന്നതും സർക്കാർ ആശുപത്രിയിൽ ചികിത്സയിലുള്ളതുമായ സ്പെഷ്യൽ വോട്ടർമാർക്ക് ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ വോട്ടെടുപ്പിന്റെ അവസാനത്തെ മണിക്കൂറിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 19 സി ഫോറത്തിലുള്ള സാക്ഷ്യപത്രവുമായി പോളിഗ് സ്റ്റേഷനിൽ നേരിട്ട് പോയി വോട്ട് ചെയ്യുന്നതാണ്.

30. സർക്കാർ ആശുപത്രികളിൽ അല്ലാത്ത ഏതെങ്കിലും സ്ഥലത്ത് താമസിക്കുന്നവർക്ക് പി പി ഇ കിറ്റ് ഉൾപ്പെടയുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സ്വന്തം നിലക്ക് പോളിംഗ് സ്റ്റേഷനിൽ ഹാജരായി വോട്ട് രേഖപ്പെടുത്താവുന്നതാണ്. അത്തരം വോട്ടർമാർ താമസസ്ഥലത്തുനിന്നും പോളിംഗ് സ്റ്റേഷനിലേയ്ക്കുള്ള യാത്രക്കിടയിൽ ഒരു കാരണവശാലും പുറത്തിറങ്ങാൻ പാടില്ല. കോവിഡ് പോസിറ്റീവ് ആയ വോട്ടറെ കൊണ്ട് പോകുന്ന വേളയിൽ ഡ്രൈവർ നിർബന്ധമായും PPE കിറ്റ് ധരിച്ചിരിക്കണം. ആ വാഹനത്തിൽ രോഗിയോടൊപ്പം മറ്റ് യാത്രക്കാർ പാടില്ല.

31. പോളിംഗ് സ്റ്റേഷനിൽ സ്പെഷ്യൽ വോട്ടർമാർ (SV) വോട്ടെടുപ്പിന്റെ അവസാനമണിക്കൂറിലാണ് വോട്ട് രേഖപ്പെടുത്തേണ്ടത്. അവസാന മണിക്കൂറിൽ പോളിംഗ് സ്റ്റേഷന് മുന്നിലെ ക്യൂവിൽ ഉള്ള മുഴുവൻ സാധാരണ വോട്ടർമാരും വോട്ട ചെയ്തതിന് ശേഷമെ സ്പെഷ്യൽ വോട്ടർമാർക്ക് വോട്ട് ചെയ്യാൻ അവസരം ലഭിക്കു.

32. സ്പെഷൽ വോട്ടർമാർ പോളിംഗ് സ്റ്റേഷനിൽ വോട്ട് രേഖപ്പെടുത്തുന്ന വേളയിൽ പോളിംഗ് ഉദ്യോഗസ്ഥർ, പോളിംഗ് ഏജന്റുമാർ സ്പെഷ്യൽ വോട്ടർമാർ എന്നിവർ നിർബന്ധമായും PPE കിറ്റ് ധരിച്ചിരിക്കണം.

33. ഏതെങ്കിലും സ്പെഷ്യൽ വോട്ടർക്ക് രോഗാവസ്ഥ മോശമാകുന്ന സാഹചര്യത്തിൽ ഏറ്റവും അടുത്ത കോവിഡ് 19 CFLTC യുമായി ബന്ധപ്പെടുത്തിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എല്ലാ വിധ സംവിധാനവും ഒരുക്കേണ്ടതാണ്.

34. പോളിംഗ് സ്റ്റേഷനുകളിൽ സാധാരണ വോട്ടർമാർക്ക് തിരിച്ചറിയലിനും, മഷി പുരട്ടുന്നതിനും മറ്റും സ്വീകരിക്കുന്ന എല്ലാ നടപടികളും സ്പെഷ്യൽ വോട്ടർമാർക്കും

ബാധകമായിരിക്കും. എന്നാൽ സ്പെഷ്യൽ വോട്ടർമാർ കയ്യുറ ധരിക്കാതെ വോട്ടിംഗ് മെഷീനിൽ സ്പർശിക്കാൻ പാടില്ല. ഓരോ സ്പെഷ്യൽ വോട്ടറും പ്രത്യേകം പേന ഉപയോഗിച്ച് വേണം വോട്ടർ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടത്.

35. ഫാറം 19 എ, ഫാറം 19 ബി, ഫാറം 19 സി, ഫാറം 19 ഡി , ഫാറം എൻ 1, ഫാറം എൻ 2 കൈപ്പറ്റ് രസീത് എന്നിവയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

എ.സന്തോഷ്
സെക്രട്ടറി

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in

## ഫോറം 19എ

(ചട്ടം 24എ(3) കാണുക)

### സാക്ഷ്യപ്പെടുത്തിയ പട്ടിക

ഈ പട്ടികയിൽ പേരുള്ള വ്യക്തികളെ ................................ (തീയതി/സമയം) കോവിഡ് വൈറസ് ബാധ പോസിറ്റീവ് ആണെന്ന് സർക്കാർ ആശുപത്രി/ലാബ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ആശുപത്രി/ലാബ് അല്ലെങ്കിൽ കോവിഡ് 19 കാരണം ക്വാറന്റിനിൽ ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നം | പേര് | വയസ്സ് | ലിംഗം ആണ് /പെൺ/ ട്രാൻസ് ജെൻഡർ | പിതാവിന്റെ/ഭർത്താവിന്റെ പേര് | പിൻ കോഡ് ഉൾപ്പെടെ കത്തിടപാടിനുള്ള മേൽവിലാസം | തിരഞ്ഞെടുപ്പ് സംബന്ധിച്ച വിശദാംശങ്ങൾ | | | | | | | | തിരിച്ചറിയൽ കാർഡ് | | ആശുപത്രിയിലോ/ ക്വാറന്റിനിലോ നിലവിലുള്ള സ്ഥലത്തെ മേൽവിലാസം | നഗരസഭ/ ഗ്രാമ പഞ്ചായത്ത് | വാർഡ് നം. | താലൂക്ക് | ജില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ജില്ല | മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷന് /ഗ്രാമപഞ്ചായത്തിന്റെ പേര് | മുനിസിപ്പലിറ്റി/മുനിസിപ്പൽ കോർപ്പറേഷന് /ഗ്രാമപഞ്ചായത്തിന്റെ ക്രമ നമ്പർ | വാർഡ് നം. | ബ്ലോക്ക് പഞ്ചായത്തിന്റെ നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും | ജില്ലാ പഞ്ചായത്തിന്റെ നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും | വോട്ടർ പട്ടിക ..... നം. ഭാഗം | വോട്ടർ പട്ടികയുടെ ക്രമ നമ്പർ | തിരിച്ചറിയൽ കാർഡിന്റെ പേര് | നമ്പർ | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പിലെ അധികാരിയുടെ പൂർണ്ണമായ ഒപ്പ്* | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | (പേര്) | | | | |
| | | | | | | | | | | | | | | | | (വിലാസം) | | | | |
| | | | | | | | | | | | | | | | | ഓഫീസ് സീൽ | | | | |

ഫാറം-19 ബി

(24 സി (2 ) , 24 സി (8) ചട്ടങ്ങൾ കാണുക)

**പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിനുള്ള അപേക്ഷ**

വരണാധികാരി,

സർ/മാഡം

ഞാൻ **............................................................................... *ഗ്രാമ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് /ടൗൺ പഞ്ചായത്ത്/മുനിസിപ്പാലിറ്റി /മുനിസിപ്പൽ കോർപ്പറേഷനിലെ **.......................................................... വാർഡിലെ സമ്മതിദായകനും ------------------------- )ം (തീയതി) .............................. ( പോളിംഗ് ബൂത്തിന്റെ പേര്) വോട്ട് ചെയ്യാൻ അർഹതയുള്ളയാളുമാണ്. ഞാൻ കോവിഡ് 19 പോസിറ്റീവ് ആണെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്/ ബന്ധപ്പെട്ട ആരോഗ്യ ഓഫീസറുടെ നിർദ്ദേശാനുസരണം നിർബന്ധിത ക്വാറന്റൈൻ അതിനാൽ മുകളിൽ സൂചിപ്പിച്ച പോളിംഗ് സ്റ്റേഷനിൽ എനിക്ക് നേരിട്ട് വോട്ടുചെയ്യാൻ കഴിയുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി( തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി (2) പ്രകാരം പ്രത്യേക തപാൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ എന്നെ അനുവദിച്ച് പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകണമെന്ന് അപേക്ഷിക്കുന്നു.

1995-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി( തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി (8) പ്രകാരം പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറും അതോടൊപ്പമുള്ള ഫോറങ്ങളും ലഭിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ആവശ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 പേര്

2 മേൽ വിലാസം

3 വോട്ടർ പട്ടികയിലെ ക്രമനമ്പർ

4 വോട്ടർ പട്ടികയിലെ ഭാഗത്തിന്റെ ക്രമനമ്പർ ,സ്ഥലം.

5. ഒപ്പ്

6. തീയതി

അപേക്ഷിക്കുന്നയാളിന്റെ ഒപ്പ്...............................

അപേക്ഷിക്കുന്നയാളിന്റെ പേരും വിലാസവും...............................

ഫാറം 19 സി

(24 സി (9), 24 ഡി (4) , 24 ഇ (1) ചട്ടങ്ങൾ കാണുക)

**കോവിഡ് 19 പോസിറ്റീവ് / ക്വാറന്റീൻ സംബന്ധിച്ച സാക്ഷ്യപത്രം**

..................... ജില്ലയിലെ ................................................ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡ് നമ്പർ ................................ -ൽ താമസിയ്ക്കുന്ന ശ്രീ./ശ്രീമതി/കുമാരി.............................................. മകൻ/മകൾ/ഭാര്യ ........................................................ കോവിഡ് 19 രോഗ ബാധ സംബന്ധിച്ച് സർക്കാർ ആശുപത്രി/ലാബ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ആശുപത്രി/ലാബിൽ നടത്തിയ പരിശോധനയിൽ പോസിറ്റീവാണ്/സർക്കാർ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരം നിർബന്ധിത ക്വാറൻറയിലാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ് അധികാരിയുടെ പൂർണ്ണമായ ഒപ്പ് ..........................................

പേര് :

മേൽവിലാസം :

ഓഫീസ് മുദ്ര

ഫാറം-19 ഡി

(24 സി (9) , 24 ഡി (4) ചട്ടങ്ങൾ കാണുക)

**പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറിനുള്ള അപേക്ഷ**

വരണാധികാരി,

സർ/മാഡം

ഞാൻ **........................................................................................ *ഗ്രാമ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് /ടൗൺ പഞ്ചായത്ത്/മുനിസിപ്പാലിറ്റി /മുനിസിപ്പൽ കോർപ്പറേഷനിലെ **........................................................ വാർഡിലെ സമ്മതിദായകനും ------------------------- )ാം (തീയതി) ............................... ( പോളിംഗ് ബൂത്തിന്റെ പേര്) വോട്ട് ചെയ്യാൻ അർഹതയുള്ളയാളുമാണ്. ഞാൻ കോവിഡ് 19 പോസിറ്റീവ് ആണെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്/ ബന്ധപ്പെട്ട ആരോഗ്യ ഓഫീസറുടെ നിർദ്ദേശാനുസരണം നിർബന്ധിത ക്വാറൻറയിലാണ്. അതിനാൽ മുകളിൽ സൂചിപ്പിച്ച പോളിംഗ് സ്റ്റേഷനിൽ എനിക്ക് വ്യക്തിപരമായി വോട്ടുചെയ്യാൻ കഴിയില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി( തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 എ(1) പ്രകാരം പ്രത്യേക പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ എന്നെ അനുവദിച്ച് തപാൽ ബാലറ്റ് പേപ്പർ നൽകണമെന്ന് അപേക്ഷിക്കുന്നു.

ആവശ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 പേര്

2 മേൽ വിലാസം

3 വോട്ടർ പട്ടികയിലെ ക്രമനമ്പർ

4 വോട്ടർ പട്ടികയിലെ ഭാഗത്തിന്റെ ക്രമനമ്പർ, സ്ഥലം;

5. ഒപ്പ്

6. തീയതി

അയയ്ക്കുന്നയാളിന്റെ ഒപ്പ്.................................

അയയ്ക്കുന്നയാളിന്റെ പേരും വിലാസവും..............................".

# രസീത്

(ചട്ടം 24 സി (3) കാണുക)

*തദ്ദേശ സ്ഥാപനത്തിൻറെ പേര് :-........................................................

*വാർഡിന്റെ പേര് :- ...................................

വോട്ടെടുപ്പ് നടക്കുന്ന തീയതി :- ..........................................................................

സമ്മതിദായകൻറെ  പാർട്ട് നമ്പരും, ക്രമനമ്പരും :- ..................................................................

വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് ഉള്ളടക്കം ചെയ്ത കവർ , സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന എന്നിവ............ തീയതി ..............................മണിക്ക് പ്രത്യേക സമ്മതിദായകനിൽ നിന്നും കൈപ്പറ്റിയിരിക്കുന്നു, ഇവ ഇന്നേ ദിവസം വരണാധികാരിക്ക് നൽകുന്നതാണ്.

സ്ഥലം

ഒപ്പ്
പ്രത്യേക പോളിംഗ് ആഫീസർ
ഉദ്യോഗപ്പേര്

ഓഫീസ് മുദ്ര

*നമ്പരും പേരും

ഫോറം എൻ 1

(ചട്ടം 24 സി (2) ഉം (7) ഉം കാണുക)

പ്രത്യേക സമ്മതിദായകന്റെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് പോളിംഗ് ഓഫീസർ സൂക്ഷിക്കുന്ന രജിസ്റ്റർ

*തദ്ദേശസ്ഥാപനത്തിന്റേ പേര്

*വാർഡിന്റെ നമ്പരും പേരും

| ക്രമ മ്പർ | സമ്മതിദായ കന്റെ പേരും മേൽവിലാസവും | വോട്ടർ പട്ടികയുടെ പാർട്ട് നമ്പരും, ക്രമ നമ്പരും | തിരിച്ച റിയൽ കാർഡിന്റെ പേരും നമ്പരും | പ്രത്യേക സമ്മതിദായകൻ വോട്ട് ചെയ്തെങ്കിൽ ശരി (✓) മാർക്ക്ചെയ്യുക | ബാലറ്റ്പേപ്പർ മടക്കി നൽകാതെ വച്ചെങ്കിൽ ആ വിവരം | ബാലറ്റ് പേപ്പർ സ്വീകരിക്കാൻ വിസമ്മതിച്ചെങ്കിൽ ആ വിവരം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

സ്ഥലം

പ്രത്യേക പോളിംഗ് ആഫീസർ

തീയതി

*നമ്പരും പേരും

ഫോറം എൻ 2

(2-ാം ചട്ടം (ജിബി) (ജിസി) ഖണ്ഡങ്ങൾ കാണുക)

## പ്രത്യേക പോളിംഗ് ആഫീസറുടെയും പ്രത്യേക പോളിംഗ് അസിസ്റ്റന്റിന്റെയും നിയമന ഉത്തരവ്

കേരള പഞ്ചായത്ത് രാജ് ആക്ട് 74 എ വകുപ്പ് കേരള മുനിസിപ്പാലിറ്റി ആക്ട് 130 എ വകുപ്പ് എന്നിവ പ്രകാരം സാംക്രമിക രോഗം ബാധിച്ചവരോ ക്വാറന്റൈനിൽ ആയവരോ ആയ പ്രത്യേക വിഭാഗം സമ്മതിദായകർക്ക് പ്രത്യേക പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ അവകാശമുണ്ട്. പ്രത്യേക വിഭാഗം സമ്മതിദായകൻ ആവസിക്കുന്ന സ്ഥലത്ത് ചെന്ന് പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകുക സമ്മതിദായകൻ വോട്ട് ചെയ്തശേഷം സത്യപ്രസ്താവനയിൽ അയാളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തുക, വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ അടങ്ങിയ കവർ ശേഖരിച്ച് വരണാധികാരിക്ക് നൽകുക എന്നിവയാണ്, ചട്ടം 24 സി, ചട്ടം 2 (ജിസി) ഖണ്ഡവുമായി കൂട്ടിവായിച്ച പ്രകാരം, പ്രത്യേക പോളിംഗ് ആഫീസറുടെ പൊതുവായ ചുമതല. ചട്ടം 2 (ജിബി) ഖണ്ഡപ്രകാരം പ്രത്യേക പോളിംഗ് ആഫീസറെ മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിൽ സഹായിക്കുകയാണ് പ്രത്യേക പോളിംഗ് അസിസ്റ്റന്റിന്റെ കർത്തവ്യം.

ആയതിനാൽ, കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി ആക്ട് തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങൾ 2-ാം ചട്ടം (ജിബി), (ജിസി) ഖണ്ഡങ്ങൾ പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് ചുവടെ പട്ടികയിൽ (2) ഉം (3) ഉം കോളത്തിൽ പറയുന്ന ഉദ്യോഗസ്ഥരെ, (4)- കോളത്തിൽ പറയുന്ന വാർഡുകളിലെ യഥാക്രമം പ്രത്യേക പോളിംഗ് ആഫീസറായും പ്രത്യേക പോളിംഗ് അസിസ്റ്റന്റായും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പട്ടിക

| ക്രമ നമ്പർ | പ്രത്യേക പോളിംഗ് ഓഫീസറുടെ പേര് മേൽവിലാസം ഫോൺ നമ്പർ എന്നിവ | പ്രത്യേക പോളിംഗ് അസിസ്റ്റന്റിന്റെ പേര് മേൽവിലാസം ഫോൺ നമ്പർ എന്നിവ | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | ചുമതലപ്പെട്ട വാർഡിന്റെ/ വാർഡുകളുടെ നമ്പരും പേരും |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

സ്ഥലം :

തീയതി :

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ

ഓഫീസ് മുദ്ര